■ തൊഴിലാളികളുടെ മക്കൾക്ക് ഫീസ് 15,000 രൂപമാത്രം

# ഐഎഎസ് അകലെയല്ല, കിലെ അക്കാദമി അരികിലുണ്ട്

**സ്വകാര്യ ഇൻസ്റ്റിറ്റ്യൂട്ടുകൾ ലക്ഷങ്ങൾ ഫീസ് വാങ്ങുന്ന സാഹചര്യത്തിലാണ് കുറഞ്ഞ ചെലവിൽ അക്കാദമി മികച്ച പരിശീലനം നൽകുന്നത്**

സ്വന്തം ലേഖിക

തിരുവനന്തപുരം

സാധാരണക്കാരായ തൊഴിലാളികളുടെ മക്കളെ സിവിൽ സർവീസ് ഉദ്യോഗസ്ഥരാക്കുകയെന്ന ലക്ഷ്യവുമായി കിലെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ) ഐഎഎസ് അക്കാദമി മൂന്നാം വർഷത്തിലേക്ക്. ജൂൺ 20ന് മൂന്നാം ബാച്ചിന്റെ ക്ലാസുകൾ ആരംഭിക്കും.

സ്വകാര്യ ഇൻസ്റ്റിറ്റ്യൂട്ടുകൾ സിവിൽ സർവീസ് പരിശീലനത്തിന് ലക്ഷക്കണക്കിന് രൂപ വാങ്ങുമ്പോൾ വെറും 15,000 രൂപയാണ് തൊഴിലാളികളുടെ മക്കളിൽനിന്ന് അക്കാദമി ഈടാക്കുന്നത്. തൊഴിലാളി കുടുംബങ്ങൾക്കായി ഇത്തരമൊരു സംരംഭം രാജ്യത്തുതന്നെ ആദ്യമാണ്. വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തവരുടെ മക്കൾക്കാണ് ബോർഡുകളുടെ പങ്കാളിത്തത്തോടെ പ്രവേശനവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത്. ഒപ്പം മറ്റ് വിദ്യാർഥികൾക്കും പ്രവേശനം നൽകുന്നുണ്ട്. ഇവർക്ക് 50,000 രൂപയാണ് ഫീസ്. നിലവിലുള്ള രണ്ടാം ബാച്ച് 28ന് നടക്കുന്ന പ്രിലിംസ് പരീക്ഷയെഴുതാനുള്ള തയ്യാറെടുപ്പിലാണ്. 2021ൽ ആരംഭിച്ച ഇൻസ്റ്റിറ്റ്യൂട്ടിൽ 100 സീറ്റാണുള്ളത്. ഒരു വർഷ പരിശീലനത്തിന്റെ ആദ്യബാച്ചിൽ അറുപതും രണ്ടാം ബാച്ചിൽ 70ഉം പേർ പ്രവേശനം നേടിയിരുന്നു. പരിചയസമ്പന്നരായ അധ്യാപകരും ഉന്നത ഐഎഎസ്/ഐപിഎസ് ഉദ്യോഗസ്ഥരുമാണ് ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത്.

അത്യാധുനിക സൗകര്യങ്ങളുള്ള ക്ലാസ് റൂമുകൾ, ലൈബ്രറി തുടങ്ങി മികച്ച പരിശീലനത്തിന് ഉതകുന്ന എല്ലാവിധ സജ്ജീകരണങ്ങളും അക്കാദമിയിലുണ്ട്. യുപിഎസ്‌സി മാനദണ്ഡങ്ങൾ പാലിച്ച് കൃത്യമായ ഇടവേളകളിൽ അക്കാദമി മോക്ക് ടെസ്റ്റും അഭിമുഖവും നടത്തും. മൂന്നാം ബാച്ചിലേക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 20. വിവരങ്ങൾ kile.kera la.gov.inൽ. ഫോൺ: 790709962 9, 04712479966, 0471 2309012.



മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചുകൃഷ്ണപിള്ളയ്ക്ക് അന്ത്യാഭിവാദ്യം അർപ്പിക്കുന്നു

## കൊച്ചു കൃഷ്ണപിള്ളയ്ക്ക് മുഖ്യമന്ത്രി അന്തിമോപചാരമർപ്പിച്ചു

ആറ്റിങ്ങൽ

നോർക്ക റൂട്സ് മുൻ വെൽഫെയർ ബോർഡ് ഡയറക്ടർ, മുൻ പ്രവാസി ബോർഡ് അംഗം, ലോക കേരള സഭാംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിരുന്ന കൊച്ചുകൃഷ്ണപിള്ളയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ അന്തിമോപചാരമർപ്പിച്ചു. ചൊവ്വ രാവിലെ പത്തിന് മുദാക്കൽ അയിലം മൈവള്ളി ഏലായിലെ വീട്ടിലെത്തി മുഖ്യമന്ത്രി പുഷ്പചക്രമർപ്പിച്ചു.

സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം ആർ രാമു, ആർ സുഭാഷ്, വി എ വിനീഷ്, ഷൈലജാ ബീഗം, എസ് ലെനിൻ, കെ സി സജീവ് തയ്ക്കാട് എന്നിവരും ഒപ്പമുണ്ടായി.

മൃതദേഹം ചൊവ്വ പകൽ രണ്ടിന് വീട്ടുവളപ്പിൽ സംസ്കരിച്ചു.

## റസിഡൻഷ്യൽ സ്കൂൾ അധ്യാപക ഒഴിവ്

തിരുവനന്തപുരം

പട്ടിക ജാതി/വർഗ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്കുള്ള അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ആറിന് പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിലെ ഒഴിവ് വിവര പട്ടികയിൽ മാറ്റംവരുത്തി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റായ www.education.kerala. gov.in ൽ പ്രസിദ്ധീകരിച്ചു.

# ട്രെയിൻ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം

കോയമ്പത്തൂർ മധുക്കരെ സെക്ഷനിൽ എൻജിനിയറിങ് ജോലികൾ നടക്കുന്നതിനാൽ വ്യാഴം മുതൽ 17 വരെ ഗതാഗത നിയന്ത്രണമേർപ്പെടുത്തി.

കോയമ്പത്തൂർ –പാലക്കാട് ടൗൺ മെമു എക്സ്പ്രസ് (06807) റദ്ദാക്കി. ഷൊർണൂർ –കോയമ്പത്തൂർ എക്സ്പ്രസ് സ്പെഷ്യൽ (06458), മംഗളൂരു സെൻട്രൽ –കോയമ്പത്തൂർ എക്സ്പ്രസ് (16324), ഷൊർണൂർ –കോയമ്പത്തൂർ മെമു എക്സ്പ്രസ് സ്പെഷ്യൽ (06804), മംഗളൂരു സെൻട്രൽ– കോയമ്പത്തൂർ ഇന്റർസിറ്റി എക്സ്പ്രസ് (22609) എന്നീ ട്രെയിനുകൾ പാലക്കാട് സർവീസ് അവസാനിപ്പിക്കും. തിരുച്ചിറപ്പിള്ളി –പാലക്കാട് ടൗൺ എക്സ്പ്രസ് (16843) പോതന്നൂരിലും ഈറോഡ് – പാലക്കാട് ടൗൺ മെമു എക്സ്പ്രസ് സ്പെഷ്യൽ (06819) കോയമ്പത്തൂരിലും സർവീസ് അവസാനിക്കും.

കോയമ്പത്തൂരിൽനിന്ന് 4.30ന് പുറപ്പെടേണ്ട കോയമ്പത്തൂർ–ഷൊർണൂർ എക്സ്പ്രസ് (06459) വൈകിട്ട് 5.55ന് പാലക്കാട്നിന്ന് പുറപ്പെടും. പാലക്കാട്നിന്ന് 2.40ന് പുറപ്പെടേണ്ട പാലക്കാട് ടൗൺ–ഈറോഡ് മെമു എക്സ്പ്രസ് സ്പെഷ്യൽ (06818) കോയമ്പത്തൂരിൽനിന്ന് 4.28ന് പുറപ്പെടും. തിരുവനന്തപുരത്ത്നിന്ന് രാവിലെ 6.45ന് പുറപ്പെടേണ്ട തിരുവനന്തപുരം സെൻട്രൽ–സെക്കന്തരാബാദ് ശബരി എക്സ്പ്രസ് (17229) 3.20 മണിക്കൂർ വൈകും. 15, 16 തീയതികളിൽ കോയമ്പത്തൂരിൽനിന്ന് വൈകിട്ട് 5.05ന് പുറപ്പെടേണ്ട കോയമ്പത്തൂർ –ജബൽപുർ എക്സ്പ്രസ് സൂപ്പർഫാസ്റ്റ് സ്പെഷ്യൽ (02197) രണ്ട് മണിക്കൂർ വൈകും.

## എം എം റോളി വിരമിച്ചു

തിരുവനന്തപുരം



ഓൾ ഇന്ത്യ ലോക്കോ റണ്ണിങ് സ്റ്റാഫ് അസോസിയേഷൻ അഖിലേന്ത്യ വൈസ് പ്രസിഡന്റ് എം എം റോളി സർവീസിൽനിന്ന് വിരമിച്ചു. 37 വർഷത്തെ സേവനത്തിനുശേഷം റെയിൽവേ മെയിൽ ലോക്കോ പൈലറ്റായി എറണാകുളം സൗത്ത് സ്റ്റേഷനിൽനിന്നാണ് വിരമിച്ചത്. കോട്ടയം കുറവിലങ്ങാട് സ്വദേശിയാണ്.

അസോസിയേഷൻ നേതൃത്വത്തിൽ റോളിക്ക് യാത്രയയപ്പ് നൽകി. കൊച്ചി മേയർ അഡ്വ. എം അനിൽകുമാർ യോഗം ഉദ്ഘാടനംചെയ്തു. അസോസിയേഷൻ സെക്രട്ടറി ജനറൽ കെ സി ജയിംസ്, അസിസ്റ്റന്റ് സെക്രട്ടറി ജനറൽ പരസ് കുമാർ, കെ എ എസ് മണി, എൽ മണി, കെ രവിചന്ദ്രൻ, ആർ ശരത്ചന്ദ്ര ബാബു എന്നിവർ സംസാരിച്ചു.

## രേഖകളിൽ വഖഫ് ഭൂമിയെന്ന് ചേർക്കണം

തിരുവനന്തപുരം

വഖഫ് ഭൂമികളുടെ തണ്ടപ്പേരിലും ബിടിആർ രജിസ്റ്ററിലും റവന്യൂ വകുപ്പിന്റെ സോഫ്റ്റ്‌വെയറിലും വഖഫ് ഭൂമിയെന്ന് രേഖപ്പെടുത്താൻ റവന്യൂ ഐടി സെല്ലിനും കലക്ടർമാർക്കും നിർദേശം. കൈയേറ്റം തടയാനും സർവേ പൂർത്തിയാക്കാനും വഖഫ്, റവന്യൂ മന്ത്രിമാരുടെ നേതൃത്വത്തിലുള്ള ഉന്നതതല മോണിറ്ററിങ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് നടപടി. വഖഫ് ചെയ്ത ഭൂമി വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ല. വഖഫ് ഭൂമി എന്ന് ഇല്ലാത്തതിനാൽ കൈമാറ്റമോ വിൽപ്പനയോ തടയുന്നത് പ്രയാസമായിരുന്നു.

■ അവകാശ ഓഹരി പദ്ധതി വൻവിജയം

# ഒറ്റമാസംകൊണ്ട് സിയാലിന് ലഭിച്ചത് 478 കോടി രൂപ

നെടുമ്പാശേരി

അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള വിഭവ സമാഹരണത്തിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) നടപ്പാക്കിയ അവകാശ ഓഹരി പദ്ധതി വൻവിജയമായി. ഒരുമാസ പദ്ധതി കാലാവധി അവസാനിച്ചപ്പോൾ നിക്ഷേപകർക്ക് നിയമാനുസൃത അവകാശ ഓഹരി വിറ്റ് സിയാൽ സമാഹരിച്ചത് 478.21 കോടി രൂപ. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അവകാശ ഓഹരി ധനസമാഹരണ പദ്ധതികളിലൊന്നാണിത്.

25 രാജ്യങ്ങളിൽനിന്നായി 22,000ലധികംപേരാണ് നിക്ഷേപകരുള്ളത്. ആകെ ഓഹരി എണ്ണം 38 കോടിയാണ്. ഒരു ഓഹരിയുടെ അടിസ്ഥാനമൂല്യം 10 രൂപ. പൊതു വിപണിയിൽ ലിസ്റ്റ് ചെയ്തിട്ടില്ലാത്ത സിയാലിന് അധികവിഭവ സമാഹരണത്തിനായി കമ്പനി നിയമം 62 (1) സെക്ഷൻപ്രകാരം അവകാശ ഓഹരി നൽകാം. നാല് ഓഹരിയുള്ളവർക്ക് ഒരു അധിക ഓഹരി എന്ന അനുപാതത്തിലാണ് അവകാശ ഓഹരി പദ്ധതി നടപ്പാക്കിയത്. 50 രൂപയാണ് വില നിശ്ചയിച്ചിരുന്നത്.

മുഖ്യമന്ത്രി ചെയർമാനായ സിയാലിൽ സംസ്ഥാന സർക്കാരിനാണ് ഏറ്റവും വലിയ നിക്ഷേപം, 32.42 ശതമാനം. പുതിയ അവകാശ ഓഹരി പദ്ധതിയിൽ സർക്കാർ 178.09 കോടി രൂപ മുടക്കി 3.56 കോടി ഓഹരികൾ അധികമായി നേടി. ഇതോടെ സർക്കാരിന്റെ ഓഹരി 33.38 ശതമാനമായി ഉയർന്നു.

അവകാശ ഓഹരി പദ്ധതിവഴി 564 കോടി രൂപ സിയാലിന് ലഭിച്ചു. നിയമാനുസൃതമായി സമാഹരിക്കാവുന്നത് 478.21 കോടി രൂപയായിരുന്നു. ബാക്കി 86 കോടി രൂപ ഓഹരിയുടമകൾക്ക് തിരികെ നൽകി. ഡി മാറ്റ് അക്കൗണ്ട് ഉള്ളവർക്കേ അവകാശ ഓഹരിക്ക് അർഹതയുള്ളൂ. അതിനാൽ 10.79 ശതമാനം ഓഹരികൾ ‘അൺ സബ്സ്ക്രൈബ്ഡ്’ വിഭാഗത്തിലായി. ഇത്തരം ഓഹരികൾ, നിലവിലുള്ള ഓഹരിയുടമകൾക്ക് അനുപാതം അനുസരിച്ച് വീതിച്ചു നൽകി. ഇതിന് സർക്കാർ 23 കോടി രൂപ അധികമായി നൽകി. അവകാശ ഓഹരി ലഭ്യമാക്കിയതോടെ സർക്കാർ ഉൾപ്പെടെ സിയാലിന്റെ എല്ലാ നിക്ഷേപകരുടെയും ഓഹരികളുടെ എണ്ണവും ശതമാനവും വർധിച്ചു.

കഴിഞ്ഞ ഒന്നരവർഷത്തിനിടെ സിയാൽ മൂന്ന് വൻകിട പദ്ധതികൾ ഉദ്ഘാടനം ചെയ്തു. പയ്യന്നൂർ, അരിപ്പാറ വൈദ്യുത പദ്ധതികളും ബിസിനസ് ജെറ്റ് ടെർമിനലുമാണ് ഇവ. മറ്റു പദ്ധതികൾക്കായി അവകാശ ഓഹരി ഫണ്ട് വിനിയോഗിക്കുമെന്ന് സിയാൽ എംഡി എസ് സുഹാസ് പറഞ്ഞു. അഞ്ചു പദ്ധതികളാണ് സിയാലിനുമുന്നിലുള്ളത്. രാജ്യാന്ത ടെർമിനൽ ടി 3യുടെ വികസനമാണ് അതിൽ പ്രധാനം. എക്സ്പോർട്ട് കാർഗോ ടെർമിനൽ, ട്രാൻസിറ്റ് ടെർമിനൽ തുടങ്ങിയ പദ്ധതികളും നടപ്പാക്കാനുണ്ട്.



ഇലക്ട്രിസിറ്റി ബോർഡ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ അനിശ്ചിതകാല സമരം അവസാനിപ്പിച്ചശേഷം വൈദ്യുതി ഭവനിൽ ചേർന്ന പൊതുയോഗം സിഐടിയു സംസ്ഥാന സെക്രട്ടറി സി കെ ഹരികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

# വൈദ്യുതി കരാർതൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിച്ചു

തിരുവനന്തപുരം

ഇലക്ട്രിസിറ്റി ബോർഡ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ (സിഐടിയു) നേതൃത്വത്തിൽ കരാർ തൊഴിലാളികൾ വൈദ്യുതി ഭവന് മുന്നിൽ നടത്തിവന്ന അനിശ്ചിതകാല സമരം അവസാനിപ്പിച്ചു. 13 ദിവസത്തെ സമരത്തിനൊടുവിൽ അധികൃതരുമായി ഒത്തുതീർപ്പ് വ്യവസ്ഥകൾ ഉണ്ടായതോടെയാണ് സമരം അവസാനിപ്പിച്ചത്.

ജനറേഷൻ, മീറ്റർ റീഡർമാരുടെ വെട്ടിക്കുറച്ച വേതനം പുനഃസ്ഥാപിച്ചു.

സബ്സ്റ്റേഷൻ, ജനറേഷൻ, ഡിസ്ട്രിബ്യൂഷൻ മേഖലകളിലെ ദിവസവേതനക്കാർക്ക് എല്ലാ മാസവും നിശ്ചിത ദിവസത്തിനകം വേതനം ലഭിക്കും. പെറ്റി കോൺട്രാക്ട് തൊഴിലാളികളുടെ പിഎസ്‌സി ലിസ്റ്റിൽ ശേ ഷിക്കുന്നവർക്ക് സ്ഥിരം നിയമനം നൽകും. ഇവർക്ക് സുരക്ഷാ ഉപകരണങ്ങൾ ബോർഡ് നൽകും. ഇവരുടെ വേതന ഡാറ്റ പരിഷ്കരിക്കും തുടങ്ങിയ പ്രധാന ആവശ്യങ്ങളെല്ലാം അംഗീകരിച്ചു.

സമരം അവസാനിപ്പിച്ചുകൊണ്ട് വൈദ്യുതി ഭവന് മുന്നിൽ നടത്തിയ പൊതുയോഗം സിഐടിയു സംസ്ഥാന സെക്രട്ടറി സി കെ ഹരികൃഷ്ണൻ ഉദ്ഘാടനംചെയ്തു.

യൂണിയൻ പ്രസിഡന്റ് വി വി വിജയൻ അധ്യക്ഷനായി. കെ സി സിബു, പി സജി, എസ് എച്ച് സജു, എം ഡി ജോർജ് എന്നിവർ സംസാരിച്ചു.

## പോക്കറ്റിലെ മൊബൈൽ കത്തി യുവാവിന് പൊള്ളലേറ്റു

കോഴിക്കോട്



പൊള്ളലേറ്റ ഫാരിസ് റഹ്മാൻ ആശുപത്രിയിൽ

പാന്റ്സിന്റെ പോക്കറ്റിൽ സൂക്ഷിച്ച മൊബൈൽ ഫോൺ കത്തി യുവാവിന് പൊള്ളലേറ്റു. പയ്യാനക്കൽ സ്വദേശിയും റെയിൽവേ റണ്ണിങ് റൂം ജീവനക്കാരനുമായ ഫാരിസ് റഹ്മാനാണ് പൊള്ളലേറ്റത്. ചൊവ്വ രാവിലെ ജോലിക്കെത്തിയപ്പോഴാണ് സംഭവം. റിയൽമി 8 ഫോണാണ് കത്തിയത്.

പോക്കറ്റിൽനിന്ന് തീയാളിയതോടെ വസ്ത്രം ഉടൻ ഊരി മാറ്റിയതിനാലാണ് കൂടുതൽ അപകടം ഒഴിവായത്. മൊബൈൽ ഫോൺ പൂർണമായി കത്തിനശിച്ചു.

പാന്റ്സ് ഭാഗികമായി കത്തി. തുടയിലും കാൽമുട്ടിന് കീഴിലും പൊള്ളലേറ്റ ഫാരിസ് ബീച്ച് ആശുപത്രിയിൽ ചികിത്സതേടി. ടൗൺ പൊലീസിൽ പരാതി നൽകി. മൊബൈൽ കമ്പനിക്ക് അടുത്തദിവസം ഫാരിസ് പരാതി നൽകും.

# സെക്രട്ടറിയറ്റിൽ തീപിടിത്തം: ഷോർട്ട് സർക്യൂട്ടെന്ന് നിഗമനം



സെക്രട്ടറിയറ്റ് നോർത്ത് ബ്ലോക്കിലെ തീപിടിത്ത വിവരം അറിഞ്ഞെത്തിയ അഗ്നിരക്ഷാസേന

തിരുവനന്തപുരം

സെക്രട്ടറിയറ്റിൽ നോർത്ത് സാൻഡ്‌വിച്ച് ബ്ലോക്കിലെ മൂന്നാം നിലയിൽ തീപിടിത്തം. മന്ത്രി പി രാജീവിന്റെ ഓഫീസുള്ള ബ്ലോക്കിൽ ചൊവ്വ രാവിലെയാണ് തീപിടിത്തം. ഉടൻ അഗ്നിരക്ഷാസേനയെത്തി തീയണച്ചു.

രാവിലെ ഏഴേമുക്കാലിനാണ് മുറിയിൽനിന്ന് പുക പടരുന്നത് ശ്രദ്ധയിൽപ്പെട്ടത്. മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുടെ മുറിയിലെ കസേരകളും ഫാനുമടക്കമുള്ള ഫർണിച്ചറിലേക്കും മറ്റും തീപടർന്നു. എയർ കണ്ടീഷണറിൽ നിന്നാണ് തീപടർന്നത്. ഷോർട്ട് സർക്യൂട്ടാണ് കാരണമെന്നാണ് പ്രാഥമിക നിഗമനം. കലക്ടർ ജെറോമിക് ജോർജടക്കം ഉന്നത ഉദ്യോഗസ്ഥർ സ്ഥലത്തെത്തി. കന്റോൺമെന്റ് പൊലീസ് കേസെടുത്തു. ദുരൂഹതയില്ലെന്ന് പൊലീസ് പറഞ്ഞു.

### അന്വേഷണം ക്രൈംബ്രാഞ്ചിന്

തിരുവനന്തപുരം

സെക്രട്ടറിയറ്റിലെ നോർത്ത് സാൻഡ്‌വിച്ച് ബ്ലോക്കിലുണ്ടായ തീപിടിത്തം ക്രൈംബ്രാഞ്ച് അന്വേഷിക്കും. അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ സംസ്ഥാന പൊലീസ് മേധാവി അനിൽകാന്ത് ക്രൈംബ്രാഞ്ചിന് നിർദേശം നൽകി.

# ജോയിന്റ് കൗൺസിൽ സംസ്ഥാന സമ്മേളനം ഇന്ന് തുടങ്ങും

മലപ്പുറം

ജോയിന്റ് കൗൺസിൽ 54–ാമത് വാർഷിക സമ്മേളനം 10 മുതൽ 13 വരെ മലപ്പുറത്ത് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ, കാനം രാജേന്ദ്രൻ, ടീസ്ത സെതൽവാദ്, പന്ന്യൻ രവീന്ദ്രൻ തുടങ്ങിയവർ വിവിധ സെഷനുകളിൽ പങ്കെടുക്കും.

ബുധനാഴ്ച കോഴിക്കോട് എം എൻ വി ജി അടിയോടി സ്മൃതികുടീരത്തിൽനിന്ന് പതാകയും തൃശൂർ ഇ ജെ ഫ്രാൻസിസിന്റെ സ്മൃതികുടീരത്തിൽനിന്ന് ബാനറും പാലക്കാട് അടയ്ക്കാപുത്തൂരിൽനിന്ന് കൊടിമരവും കൊണ്ടുവരും. 4.30ന് മലപ്പുറം വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി സ്മാരക ടൗൺഹാളിനുമുന്നിൽ പൊതുസമ്മേളനം സിപിഐ അഖിലേന്ത്യാ സെക്രട്ടറിയറ്റംഗം ബിനോയ് വിശ്വം ഉദ്ഘാടനംചെയ്യും.

സംസ്ഥാന കഥ, കവിത രചനാ മത്സര വിജയികൾക്കുള്ള സമ്മാനദാനവും നടക്കും.

റോസ് ലോഞ്ച് ഓഡിറ്റോറിയത്തിൽ വ്യാഴാഴ്ച രാവിലെ 10.30ന് സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ പ്രതിനിധി സമ്മേളനം ഉദ്ഘാടനംചെയ്യും. മന്ത്രി പി പ്രസാദ് പങ്കെടുക്കും. പകൽ മൂന്നിന് ‘ജനാധിപത്യ ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ’ സെമിനാർ സിപിഐ അഖിലേന്ത്യാ എക്സിക്യൂട്ടീവ് അംഗം അഡ്വ. കെ പ്രകാശ് ബാബുവും വൈകിട്ട് 5.30ന് സുഹൃദ് സമ്മേളനം സത്യൻ മൊകേരിയും ഉദ്ഘാടനംചെയ്യും.

വെള്ളി പകൽ 11ന് വനിതാ സമ്മേളനം മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനംചെയ്യും. ശനി പകൽ 11ന് ‘കേരളം സൃഷ്ടിച്ച മാതൃകകൾ’ സെമിനാർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി കെ രാജൻ അധ്യക്ഷനാകും.

വാർത്താസമ്മേളനത്തിൽ സ്വാഗതസംഘം ചെയർമാൻ പി കെ കൃഷ്ണദാസ്, എം രാകേഷ് മോഹൻ, കെ ഷാനവാസ് ഖാൻ, ജയചന്ദ്രൻ കല്ലിംഗൽ എന്നിവർ പങ്കെടുത്തു.

## പണം നൽകി സ്വാധീനിക്കാനെത്തി; ബിജെപി സ്ഥാനാർഥിയെ ഓടിച്ച് നാട്ടുകാർ

സ്വന്തം ലേഖകൻ

മംഗളൂരു

വോട്ടർമാർക്ക് പണം നൽകി സ്വാധീനിക്കാൻ ശ്രമിച്ച ബിജെപി സ്ഥാനാർഥിയെ നാട്ടുകാർ ഓടിച്ചുവിട്ടു. ദക്ഷിണ കന്നട ജില്ലയിലെ ബെൽത്തങ്ങാടി മണ്ഡലത്തിലെ സിറ്റിങ് എംഎൽഎ കൂടിയായ ഹരീഷ് ഹരീജ് പൂഞ്ജയാണ് തിങ്കളാഴ്ച രാത്രി അഞ്ചുലക്ഷം രൂപയുമായി അശോക്നഗർ ദളിത് കോളനിയിലെത്തിയത്.

എല്ലാവർക്കും കോളനിയിൽത്തന്നെ വീട് പണിത് നൽകുമെന്നും രേഖകൾ ഇല്ലാത്തവർക്ക് അതുറപ്പാക്കുമെന്നും വാഗ്ദാനം ചെയ്യുകയും പണം വിതരണം ചെയ്യാൻ ശ്രമിക്കുകയുമായിരുന്നു. കഴിഞ്ഞ തവണ ഇതേ വാഗ്ദാനം നൽകിയ പൂഞ്ജ പിന്നീട് ഇപ്പോഴാണ് തിരിഞ്ഞുനോക്കിയതെന്ന് ചൂണ്ടിക്കാട്ടി കോളനിക്കാർ ഇയാളെ ഓടിച്ചുവിടുകയായിരുന്നു.

എംഎൽഎയെ നാട്ടുകാർ ഓടിക്കുന്ന ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചു. സംഭവത്തിൽ തെരഞ്ഞെടുപ്പ് കമീഷന് നാട്ടുകാർ പരാതി നൽകി.

# എകെഎസ് സംസ്ഥാന ജാഥയ്ക്ക് ഇന്ന് തുടക്കം

കാസർകോട്

ആദിവാസി ക്ഷേമസമിതി സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന വടക്കൻമേഖലാ വാഹന പ്രചാരണ ജാഥ ബുധനാഴ്ച പെർളയിൽ തുടങ്ങും. വൈകിട്ട് നാലിന് സിപിഐ എം കേന്ദ്ര കമ്മിറ്റിയംഗം ഇ പി ജയരാജൻ ഉദ്ഘാടനംചെയ്യും.

കൈവശ, വനാവകാശ രേഖകൾക്ക് റവന്യൂ പട്ടയം അനുവദിക്കുക, സർക്കാർ സർവീസുകളിൽ സംവരണത്തോത് ഉയർത്തുക, സ്വകാര്യ– എയ്ഡഡ് രംഗത്തും പട്ടികജാതി–പട്ടികവർഗ സംവരണം നടപ്പാക്കുക, രാജ്യത്തെ ദളിത്– ആദിവാസി പീഡനങ്ങൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ജാഥ.

ഒ ആർ കേളു എംഎൽഎയാണ് ജാഥാക്യാപ്റ്റൻ.

പി കെ സുരേഷ്ബാബു വൈസ് ക്യാപ്റ്റനും എം സി മാധവൻ മാനേജരും സീത ബാലൻ, കെ കെ ബാബു എന്നിവർ അംഗങ്ങളുമാണ്. 19ന് തൃശൂരിൽ സമാപിക്കും.

ജാഥയ്ക്ക് വ്യാഴം രാവിലെ 10ന് കുണ്ടംകുഴിയിലും 12ന് ഒടയംചാലിലും മൂന്നിന് ഭീമനടിയിലും സ്വീകരണം നൽകും.

## തെക്കൻ ജാഥ ഇന്ന് മുതൽ

അഗളി

കേന്ദ്ര സർക്കാരിന്റെ ആദിവാസി വിരുദ്ധ നിലപാടുകൾക്കെതിരെ ആദിവാസി ക്ഷേമ സമിതി നയിക്കുന്ന സംസ്ഥാന വാഹന ജാഥയ്ക്ക് ബുധനാഴ്ച തുടക്കമാകും. പാലക്കാട് മുതൽ തിരുവനന്തപുരം വരെയുള്ള തെക്കൻ മേഖല ജാഥ രാവിലെ 10.30ന് അഗളിയിൽ സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം എ കെ ബാലൻ ഉദ്ഘാടനം ചെയ്യും. ഇതോടൊപ്പം ആദിവാസി മേഖലകളിലെ കേരള സർക്കാരിന്റെ വികസന നേട്ടങ്ങൾ വിശദീകരിക്കും. ബി വിദ്യാധരൻ കാണി ക്യാപ്റ്റനായ ജാഥ അഗളിയിൽ നിന്നാരംഭിച്ച് മലമ്പുഴ, വാളയാർ എന്നിവിടങ്ങളിലെ സ്വീകരണത്തിന് ശേഷം മീനാക്ഷിപുരത്ത് സമാപിക്കും. വ്യാഴം മലപ്പുറം ജില്ലയിലെത്തുന്ന ജാഥ നിലമ്പൂർ, ഇടവണ്ണ എന്നിവിടങ്ങളിൽ പര്യടനം നടത്തും. ജാഥ 19ന് തിരുവനന്തപുരത്ത് സമാപിക്കും.

## കേന്ദ്രവിരുദ്ധസമരവും വേണം: കെ സി വേണുഗോപാൽ

ബത്തേരി

കേരളത്തിൽ കേന്ദ്രവിരുദ്ധ സമരത്തിനുകൂടി കോൺഗ്രസ് പ്രാധാന്യം നൽകണമെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ പറഞ്ഞു. സംസ്ഥാനത്ത് കോൺഗ്രസ് ഒരുപാട് സമരങ്ങൾ നടത്തുന്നുണ്ട്. എന്നാൽ, നരേന്ദ്രമോദിക്കും ഫാസിസത്തിനും എതിരായ സമരങ്ങൾകൂടിയുണ്ടാവണം.

കേന്ദ്രവിരുദ്ധ പോരാട്ടം മറ്റാരുടെയും കുത്തകയാക്കരുത്. നേതാക്കൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. എന്നാൽ സ്വന്തം പല്ലുകുത്തി മണപ്പിക്കരുത്. ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചാൽ മാത്രമേ ജനങ്ങൾ കൂടെനിൽക്കൂ. താനൂരിലെ ബോട്ട് അപകടം മനുഷ്യനിർമിത ദുരന്തമാണെന്നും ബത്തേരിയിൽ കെപിസിസി നേതൃയോഗം ഉദ്ഘാടനം ചെയ്തവെ വേണുഗോപാൽ പറഞ്ഞു.

## ഉത്തരവ് നടപ്പാക്കുന്നില്ലെന്ന് ഓർത്തഡോക്സ് സഭ

ന്യൂഡൽഹി

പള്ളിത്തർക്കത്തിൽ കോടതി ഉത്തരവ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നില്ലെന്ന് ഓർത്തഡോക്സ് സഭ. സുപ്രീംകോടതിയിൽ സമർപ്പിച്ച പുതിയ സത്യവാങ്മൂലത്തിലാണ് ആരോപണം. ചീഫ് സെക്രട്ടറി കോടതിയിൽ സമർപ്പിച്ച പുതിയ സത്യവാങ്മൂലവും മുൻ ചീഫ് സെക്രട്ടറിമാർ സമർപ്പിച്ചവയും തമ്മിൽ വൈരുധ്യങ്ങളുണ്ടെന്നും ആരോപിക്കുന്നു. കേസ് ചൊവ്വാഴ്ചയും കോടതി പരിഗണിച്ചില്ല.

# ചരിത്ര തമസ്കരണം വേരുകൾ ഇല്ലാതാക്കുന്നതിന് തുല്യം: മന്ത്രി



കേരള മുസ്ലിം ജമാ അത്ത് ഫെഡറേഷന്റെ നേതൃത്വത്തിലുള്ള ജനമുന്നേറ്റ പ്രചാരണ ജാഥയുടെ സമാപനം ഗാന്ധിപാർക്കിൽ മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം

നമ്മുടെ വേരുകൾ ഇല്ലാതാക്കുന്നതിന് തുല്യമാണ് ചരിത്രത്തെ തമസ്കരിക്കുന്നതെന്ന് മന്ത്രി കെ എൻ ബാലഗോപാൽ. പുസ്തകങ്ങളിൽനിന്നും രാജ്യത്തിന്റെ ചരിത്രം തന്നെ ഇല്ലാതാക്കുന്നതാണ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കേരള മുസ്ലിം ജമാ അത്ത് ഫെഡറേഷന്റെ നേതൃത്വത്തിൽ കൊടുങ്ങല്ലൂരിൽ നിന്നാരംഭിച്ച ജനമുന്നേറ്റ പ്രചാരണ ജാഥയുടെ സമാപനം ഗാന്ധിപാർക്കിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജമാ അത്ത് ഫെഡറേഷൻ രക്ഷാധികാരി തൊടിയൂർ മുഹമ്മദ് കുഞ്ഞ് മൗലവി അധ്യക്ഷനായി. സിപിഐ മുതിർന്ന നേതാവ് പന്ന്യൻ രവീന്ദ്രൻ, വി എസ് ശിവകുമാർ, ബീമാപള്ളി റഷീദ്, ജമാ അത്ത് ഫെഡറേഷൻ ചെയർമാൻ കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി, ജനറൽ കൺവീനർ അഡ്വ. കെ പി മുഹമ്മദ്, കോഓർഡിനേറ്റർ പാങ്ങോട് എ ഖമറുദീൻ മൗലവി, കടയ്ക്കൽ ജുനൈദ്, മുത്തുക്കോയ തങ്ങൾ എന്നിവർ സംസാരിച്ചു.



തണൽ ബ്രെയിൻ ആൻഡ് സ്പൈൻ മെഡ്സിറ്റിയിലെ ജിഗെയ്റ്റർ പാരാഷൂട്ടർ സിദ്ധാർഥ ബാബു ഉദ്ഘാടനം ചെയ്യുന്നു

## ജിഗെയ്റ്റർ പ്രവർത്തനം ആരംഭിച്ചു

തിരുവനന്തപുരം

പക്ഷാഘാത രോഗികളുടെ ശാരീരിക പുനരധിവാസം സുഗമമാക്കാൻ ജെൻ റോബോട്ടിക്സ് വികസിപ്പിച്ച ‘ജിഗെയ്റ്റർ അഡ്വാൻസ്ഡ് ഗെയ്റ്റ് ട്രെയ്നിങ് റോബോട്ട്’ കണ്ണൂരിലെ തണൽ ബ്രെയിൻ ആൻഡ് സ്പൈൻ മെഡ്സിറ്റി സെന്ററിൽ പ്രവർത്തനം ആരംഭിച്ചു. പാരാഷൂട്ടർ സിദ്ധാർഥ ബാബു ഉദ്ഘാടനം ചെയ്തു. തണൽ ഗ്രൂപ്പ് ചെയർമാൻ ഡോ. ഇദ്രീസ്, ജെൻ റോബോട്ടിക്സ് മെഡിക്കൽ ആൻഡ് മൊബിലിറ്റി റീജണൽ ഡയറക്ടർ അഫ്സൽ മുട്ടിക്കൽ തുടങ്ങിയവർ പങ്കെടുത്തു. മസ്തിഷ്കാഘാതം, തളർവാതം, അപകടം മൂലം നട്ടെല്ലിനുണ്ടാകുന്ന ക്ഷതം, സെറിബ്രൽ പാൾസി എന്നിവയാൽ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കായി നടത്തം പരിശീലിപ്പിക്കുന്ന റോബോട്ടാണിത്.